# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 19, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും |
| വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

## മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ അവധി പ്രശ്നങ്ങൾ

*211 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ യോഗ്യരായ അദ്ധ്യാപകരുടെ കുറവ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതിനു വേണ്ടി അദ്ധ്യാപകർ അവധിയിൽ പ്രവേശിക്കുന്നതു തടയാൻ എന്തൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>സീപ്ലെയിന്‍ സര്‍വ്വീസ്</u>

*212 ശ്രീ. കെ. രാധാകൃഷ്ണന്‍
,, എസ്. ശര്‍മ്മ
,, കെ.വി. അബ്ദുള്‍ ഖാദര്‍
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീപ്ലെയിന്‍ സര്‍വ്വീസ് നടത്താന്‍ ഏല്‍പിച്ചിരിക്കുന്ന കമ്പനിയുടെ പശ്ചാത്തലം പരിശോധിച്ചിട്ടാണോ അനുമതി നല്‍കിയത്; പ്രസ്തുത പദ്ധതിയില്‍ സര്‍ക്കാരിന് എന്തെങ്കിലും പങ്കാളിത്തമോ നിയന്ത്രണമോ ഉണ്ടോ;

(ബി) ജലവിമാനങ്ങളുടെ സുരക്ഷയില്‍ ആശങ്കയുള്ളതുകൊണ്ട് മുഖ്യമന്ത്രിയുടെ യാത്ര ഒഴിവാക്കി എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി അറിയിക്കുമോ;

(സി) സുരക്ഷിതത്വം ഉറപ്പാക്കാതെ സര്‍വ്വീസുകള്‍ നടത്താന്‍ അനുവദിക്കുന്നത് ടൂറിസം മേഖലയ്ക്ക് തിരിച്ചടിയായേക്കാം എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം വിമാനങ്ങളുപയോഗിച്ച് സര്‍വ്വീസ് നടത്തുന്ന മേഖലയില്‍ പഠനം നടത്തിയശേഷമാണോ പ്രസ്തുത തീരുമാനം എടുത്തതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

*213 ശ്രീ. പി. സി. വിഷ്ണുനാഥ്
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി കർമ്മപരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികളുടെ വ്യാപനം</u>

*214 ശ്രീ. ബി. സത്യൻ
,, ജി. സുധാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അഭാവവുമാണ് പകർച്ചവ്യാധികളുടെ വ്യാപനം തടയാൻ കഴിയാതിരുന്നതിന്റെ മുഖ്യകാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിച്ച പ്രാഥമികാരോഗ്യകേന്ദങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടേയും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) സബ്സെന്റർ, പി.എച്ച്.സി., സി.എച്ച്.സി. എന്നിവയുടെ വികസനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും അതിനായി എത്ര ഫണ്ട് നീക്കിവച്ചിരിക്കുന്നുവെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നൂതന പദ്ധതികൾ</u>

*215 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഗോള സാമ്പത്തിക മാന്ദ്യമല്ലാതെ മറ്റെന്തെങ്കിലും ഘടകങ്ങൾ ഈ കുറവിന് കാരണമായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു പര്യാപ്തമായ നൂതന പദ്ധതികൾ ആവിഷ്കരിക്കപ്പെടാതെ പോകുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ പുതിയ മെഡിക്കൽ കോളേജ്

*216 ശ്രീ. എം. എ. ബേബി
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ബി. സത്യൻ
'' വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തിയതൊഴികെ, ആശുപത്രി വികസനത്തിനായി എന്തൊക്കെ പ്രവൃത്തികൾ നടത്തി; അതിനായി തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ആശുപത്രി വികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ദൂരപ്രദേശങ്ങളിലുള്ളവർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പുതിയ മെഡിക്കൽ കോളേജ് നഗരത്തിന് പുറത്തെവിടെയെങ്കിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സാധാരണ ജനങ്ങൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ജനറൽ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും റഫറൽ കേന്ദ്രമാക്കി മാറ്റുമ്പോൾ പകരം തത്തുല്യമോ അല്ലെങ്കിൽ താരതമ്യപ്പെടുത്താവുന്നതോ ആയ ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാം ഘട്ട പ്രവര്‍ത്തനം</u>

*217 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എ.എം. ആരിഫ്
,, ബി.ഡി. ദേവസ്സി
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവര്‍ത്തന പുരോഗതി അറിയിക്കാമോ ;

(ബി) ഇതിനായി കഴിഞ്ഞ വര്‍ഷം നീക്കിവെച്ചിരുന്നതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതൊക്കെ പഞ്ചായത്തുകളില്‍ ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കല്‍ കോളേജുകള്‍ നടത്തിയ പ്രവേശന പരീക്ഷ</u>

*218 ശ്രീ. റ്റി.വി. രാജേഷ്
,, കോടിയേരി ബാലകൃഷ്ണന്‍
,, ആര്‍. രാജേഷ്
,, എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകള്‍ സ്വന്തം നിലയില്‍ നടത്തിയ പ്രവേശന പരീക്ഷയില്‍ ക്രമക്കേട് നടന്നുവെന്ന ആരോപണത്തെക്കുറിച്ച് ജസ്റ്റിസ് ജെ.എം. ജെയിംസ് ചെയര്‍മാനായ പ്രവേശന മേല്‍നോട്ടസമിതിയുടെ കണ്ടെത്തല്‍ എന്തൊക്കെയാണ്; സമിതിയുടെ റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) മെഡിക്കല്‍ കൗണ്‍സിലിന്റെ നിബന്ധനകള്‍ ലംഘിച്ചുകൊണ്ട് മാനേജ്മെന്റുകള്‍ നടത്തിയ പരീക്ഷ ജസ്റ്റിസ് ജെ.എം. ജെയിംസ് ചെയര്‍മാനായിട്ടുള്ള പ്രവേശന മേല്‍നോട്ട കമ്മിറ്റിയുടെ അംഗീകാരത്തോടെയും മേല്‍നോട്ടത്തിലുമായിരുന്നോ; പരീക്ഷ വീണ്ടും നടത്താന്‍ അനുവദിക്കുന്നത് മെഡിക്കല്‍ കൗണ്‍സിലിന്റെ നിബന്ധനകള്‍ക്കനുസൃതമായാണോ; എങ്കില്‍ മെഡിക്കല്‍ കൗണ്‍സില്‍ അംഗീകാരം നല്‍കിയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) കേരള പ്രൈവറ്റ് മെഡിക്കല്‍ കോളേജ് മാനേജ്മെന്റിന്റെ കീഴിലുള്ള എട്ടു സ്വാശ്രയ കോളേജുകളിലെ എല്ലാ സീറ്റുകളിലേക്കും മെഡിക്കല്‍ കൗണ്‍സില്‍ ഓഫ് ഇന്ത്യ പ്രവേശന പരീക്ഷ നടത്തുകയും കേരള പ്രവേശന പരീക്ഷാ കമ്മീഷണര്‍ അതംഗീകരിക്കുകയും ചെയ്തതിനു ശേഷം ഇവര്‍ സ്വന്തം നിലയില്‍ പരീക്ഷ നടത്തിയതിനെതിരെ എന്തു നടപടികള്‍ സ്വീകരിക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) നിയമവിരുദ്ധ പരീക്ഷ തടയാതിരുന്നതിന്റെ ഉത്തരവാദികള്‍ ആരൊക്കെയെന്നു പരിശോധിച്ചിട്ടുണ്ടോ; ഇവര്‍ക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(ഇ) നിയമവിരുദ്ധ പരീക്ഷയ്ക്ക് മേല്‍നോട്ടം വഹിച്ച കമ്മിറ്റിയെ പിരിച്ചുവിടാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബുകള്‍</u>

*219 ശ്രീ. കെ. അജിത്
,, ഇ. ചന്ദ്രശേഖരന്‍
,, വി. ശശി
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മരുന്നുകളുടെ ഗുണനിലവാര പരിശോധനയിലുണ്ടാകുന്ന കാലതാമസം രോഗികള്‍ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയില്‍ പ്പെട്ടിട്ടുണ്ടോ;

(ബി) ചില മരുന്നുകള്‍ നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്നത് അവ രോഗികള്‍ ഉപയോഗിച്ചു കഴിഞ്ഞതിന് ശേഷമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) മരുന്ന് പരിശോധനാ ലാബുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതല്‍ ലാബുകള്‍ ആരംഭിക്കുന്നതിനും എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ രൂപീകരണം</u>

*220 ശ്രീ. സി.കെ.നാണു
,, മാത്യു.റ്റി.തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട ട്രിബ്യൂണൽ രൂപീകരണത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിൽ ഉണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് വര്‍ദ്ധിക്കാന്‍ കാരണം

*221 ശ്രീ. ജി. സുധാകരന്‍
,, പി.റ്റി.എ. റഹീം
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് വര്‍ദ്ധിക്കാന്‍ കാരണം ക്ലിനിക്കല്‍ മിസ്മാനേജ്മെന്റാണെന്ന വിദഗ്ധാഭിപ്രായം പരിഗണിച്ചിട്ടുണ്ടോ;

(ബി) നഗരങ്ങള്‍ക്ക് പുറത്തുള്ള ആശുപത്രികളില്‍ വിശേഷിച്ച് സ്വകാര്യ ആശുപത്രികളില്‍ ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് അധികമാണെന്ന കണക്ക് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതിന്റെ കാരണമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കാന്‍ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>2025-ലെ ശുദ്ധജല ആവശ്യത്തിന്റെ തോത് സംബന്ധിച്ച വിവരശേഖരണം</u>

*222 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2025-ലെ സംസ്ഥാനത്തിന്റെ ശുദ്ധജല ആവശ്യത്തിന്റെ തോത് സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളതും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നതുമായ പദ്ധതികൾ ഈ ആവശ്യം നേരിടാൻ പര്യാപ്തമാണോ;

(സി) ഇല്ലെങ്കിൽ, നിലവിലെ ചെറുകിട ജലവിതരണ കേന്ദ്രങ്ങൾ മുടങ്ങാതെ പ്രവർത്തിപ്പിക്കാനുള്ള ജലം, വേനൽകാലത്ത് സ്രോതസ്സുകളിൽ ലഭ്യമല്ലാതാവുന്ന നിലവിലെ അവസ്ഥ കണക്കിലെടുത്ത് എന്തൊക്കെ മുൻകൂർ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിവെള്ള സ്രോതസ്സുകളിലെ ജല ലഭ്യത വർഷത്തിലെല്ലായ്പോഴും ഉറപ്പുവരുത്താനാവശ്യമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>ഡോക്ടർമാർ നടത്തിയ നിസ്സഹകരണ സമരം</u>

*223 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
'' എ.കെ.ബാലൻ
'' പി.ശ്രീരാമകൃഷ്ണൻ
'' എ.പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂൺ മാസമാദ്യം സർക്കാർ ഡോക്ടർമാർ നടത്തിയ നിസ്സഹകരണ സമരത്തിന് ആധാരമായി അവർ ഉയർത്തിയ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) സമരം ഒത്തുതീർപ്പിനായി വകുപ്പുമന്ത്രി ഡോക്ടർമാർക്ക് എന്തുറപ്പുകളാണ് നൽകിയതെന്ന് അറിയിക്കാമോ;

(സി) പകർച്ചപ്പനി നിയന്ത്രണാതീതമായ സാഹചര്യത്തിൽ സമരം ചെയ്ത ഡോക്ടർമാർക്കെതിരെ ഭരണപരമോ നിയമപരമോ ആയ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ഭൂജലസംപോഷണത്തിനായി പദ്ധതികൾ</u>

*224 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല സംപോഷണത്തിനായി പദ്ധതികൾ രൂപീകരിക്കാൻ നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ഡാമുകളുടെ സംഭരണ ശേഷി

*225 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളോടനുബന്ധിച്ചുള്ള ജലസംഭരണികളുടെ സംഭരണശേഷി കുറഞ്ഞു വരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജലാശയങ്ങളുടെ സംഭരണശേഷി നിർമ്മാണ ഘട്ടത്തിലെ സംഭരണശേഷിക്കൊപ്പം നിലനിർത്താനും, തീരസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കാനുമുള്ള സമഗ്ര പദ്ധതിക്ക് ആരംഭം കുറിക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>മിനിമം വേജസ് നിര്‍ണ്ണയിക്കാന്‍ നടപടി</u>

*226 ശ്രീ. പി. കെ. ഗുരുദാസന്‍
'' എസ്.രാജേന്ദ്രന്‍
'' ബാബു എം. പാലിശ്ശേരി
'' സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മിനിമം വേജസ് നിര്‍ണ്ണയിക്കാന്‍ അര്‍ഹതപ്പെട്ടതായി എത്ര വിഭാഗം തൊഴിലാളികളുണ്ട്;

(ബി) 2006-2011 കാലത്ത് എത്ര വിഭാഗം തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കാനോ പുനര്‍നിര്‍ണ്ണയം ചെയ്യാനോ ഉള്ള ശുപാര്‍ശകള്‍ സര്‍ക്കാരിന് ലഭിച്ചു; ശുപാര്‍ശകളുടെ അടിസ്ഥാനത്തില്‍ 2006-11 കാലയളവില്‍ എത്രയെണ്ണം നോട്ടിഫൈ ചെയ്തു; 2011 നു ശേഷം എത്ര വിഭാഗങ്ങളുടെ മിനിമം വേജസ് നോട്ടിഫൈ ചെയ്തു;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര വിഭാഗങ്ങള്‍ക്ക് പുതുതായി മിനിമം വേജസ് നിശ്ചയിച്ചുവെന്നു വിശദമാക്കാമോ;

(ഡി) മിനിമം വേജസ് പുനര്‍ നിര്‍ണ്ണയം ചെയ്യുന്നതിനുള്ള കാലപരിധി കഴിഞ്ഞ എത്ര വിഭാഗങ്ങള്‍ ഇപ്പോഴുണ്ട്; ആ വിഭാഗങ്ങള്‍ക്ക് മിനിമം വേജസ് പുനര്‍ നിര്‍ണ്ണയം ചെയ്യാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>നിലവിലുള്ള ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ നടപടി</u>

*227 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് നിലവിലുള്ള ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയ്ക്ക് പ്രത്യേക ആരോഗ്യപാക്കേജ്</u>

*228 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയ്ക്ക് പ്രത്യേക ആരോഗ്യപാക്കേജ് നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിയിലെ അപാകതകൾ</u>

*229

ശ്രീ. വി. ശശി
,, സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതി ആരംഭിച്ചതെന്നാണ്; ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാത്തതിനാൽ ഈ പദ്ധതി പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ കെട്ടിക്കിടന്ന് നശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ വിഭാഗത്തിൽപ്പെടുത്തി എത്രയിനം മരുന്നുകളാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്; ഇവ ഏതെല്ലാം രോഗങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു;

(ഡി) ജനറിക് മരുന്നു വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>പാൻ മസാല നിരോധനം</u>

*230 ശ്രീ. എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസറിന് കാരണമായ ഗുഡ്ക, പാൻമസാല എന്നിവ പൂർണ്ണമായും നിരോധിക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ആയതുമായി സഹകരിക്കുന്നത് വിശദമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>ആരോഗ്യ വകുപ്പിലെ സേവനാവകാശ നിയമം</u>

*231 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത നിയമം കൊണ്ട് വകുപ്പിൽ നിന്നും ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിയമം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽകരിക്കാൻ വേണ്ടത്ര പ്രചാരണം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>ഗ്രാമീണ മേഖലയിലെ ചികിത്സാ സൗകര്യങ്ങൾ</u>

*232 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ചികിത്സാ സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ മറ്റ് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പരിപാടികൾ നടപ്പാക്കാൻ പദ്ധതി</u>

*233 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായ വികസന വകുപ്പിന്റെ വികസന പരിപാടികൾ നടപ്പാക്കാൻ പ്രത്യേക കർമ്മപരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പോഷകാഹാര ഗവേഷണ കേന്ദ്രം സ്കൂൾ കുട്ടികളിൽ നടത്തിയ സർവ്വേ</u>

*234 ശ്രീ. കെ. വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ഡോ. കെ. ടി. ജലീൽ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര ഗവേഷണ കേന്ദ്രം പാലക്കാട്, വയനാട് ജില്ല കളിലെ സ്കൂൾ കുട്ടികളിൽ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; റിപ്പോർ ട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പകുതിയോളം കുട്ടികൾക്ക് പോഷകാഹാര കുറവുണ്ടെന്ന പ്രശ്നത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) മറ്റു ജില്ലകളിലും സർവ്വേ നടത്തി പരിഹാര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>ലേബർ ക്യാമ്പുകളുടെ ശോചനീയാവസ്ഥ</u>

*235 ശ്രീ. സി. കെ. സദാശിവൻ
,, എളമരം കരീം
,, കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളുടെ സ്ഥിതി ശോചനീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് മാന്യമായ വാസസൗകര്യം ഏജന്റുമാരും കരാറുകാരും ഏർപ്പാടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അത് എത്രത്തോളം ഫലപ്രദമാണ്;

(സി) ഇത്തരം ലേബർ ക്യാമ്പുകൾ രോഗവ്യാപന കേന്ദ്രങ്ങളായി മാറിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യാമ്പുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ഉടനടി നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ അഭാവം</u>

*236 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ഇ.പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നത് പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിന് പ്രതിബന്ധമായിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമീണ സേവനം നിർബന്ധമാക്കിക്കൊണ്ടുള്ള മുൻസർക്കാരിന്റെ ഉത്തരവ് വീണ്ടും പ്രാബല്യത്തിലാക്കുമോ; ഇല്ലെങ്കിൽ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ എന്തു ബദൽ പരിപാടിയാണ് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

108 ആംബുലൻസുകളുടെ സേവനം

*237 ശ്രീ. ഷാഫി പറമ്പിൽ
'' വി. ഡി. സതീശൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 108 ആമ്പുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കാൻ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകളും</u>

*238 ശ്രീ. ചിറ്റയം ഗോപകുമാർ
,, വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊഴിൽ ലഭ്യത സംബന്ധിച്ച് നിലവിലുളള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും, എംപ്ലോയബിലിറ്റി സെന്ററുകളും തമ്മിലുളള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എത്ര ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കി, മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാൻ എത്ര കാലം വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

## അട്ടപ്പാടി മേഖലയിലെ ആദിവാസി സ്ത്രീകളുടെ അനാരോഗ്യം

*239 ശ്രീ. എം. ഹംസ
,, എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കുളള പ്രതിരോധ കുത്തിവെയ്പും, ഹെൽത്തുകിറ്റും കഴിഞ്ഞ ആറുമാസമായി മുടങ്ങാനിടയായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ ആരോഗ്യവകുപ്പിന്റെ ഇടപെടൽ എത്രത്തോളം ഉണ്ടായിട്ടുണ്ട്; ആരോഗ്യ വകുപ്പിന്റെ ശ്രദ്ധക്കുറവ് ശിശുമരണ നിരക്കുകൾ വർദ്ധിക്കാനിടയാക്കിയിട്ടുണ്ടോ;

(സി) ആദിവാസി സ്ത്രീകളുടെ അനാരോഗ്യമാണ് ഇപ്പോഴത്തെ ദു:സ്ഥിതിക്ക് കാരണമായതെന്ന ആരോഗ്യപ്രവർത്തകരുടെ അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ</u>

*240 ശ്രീ. കെ. കെ. നാരായണൻ
,, എളമരം കരീം
,, സാജു പോൾ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ജലവിഭവ വകുപ്പ് ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്നും, അതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) "കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ്" (സി.സി.ഡി.യു)-ന്റെ ഘടനയും ആസ്ഥാനവും പ്രവർത്തന പരിധിയും പദ്ധതികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഇതുവരെ ഏതെല്ലാം പദ്ധതികളിലായി അനുവദിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 10.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].